**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 326** | **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ടാറിന്റെ അമിതമായ വിലവർദ്ധനവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ | ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ടാറിന്റെ അമിതമായ വിലവർദ്ധനവ് കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

<u>മറുപടി:</u> ഉണ്ട്. ബിറ്റുമിന് വിലവർധന ഉണ്ടായത് പരിഗണിച്ച് കരാറുകാർക്ക് അധിക നിരക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലാണ്.

**(ബി)** തദ്ദേശറോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ടാർ വിലയിലെ അന്തരം കരാറുകാർക്ക് കോമ്പൻസേറ്റ് ചെയ്യുന്നതിൽ വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> ഉണ്ട്. ബിറ്റുമിന് വിലവർധന ഉണ്ടായത് പരിഗണിച്ച് കരാറുകാർക്ക് അധിക നിരക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**